ശുഭം

35/1

2799

യുദ്ധം

(നാടകം)

നാരായണൻ കോലഴി

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ആഭിമുഖ്യത്തിൽ 1981 ഒക്ടോബർ 2 മുതൽ 7 വരെയുള്ള കാലയളവിൽ തിരുവനന്തപുരം ജില്ലയിലെ കെടാകുളത്തുനിന്നും കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽനിന്നും തൃശ്ശൂർവരെ ഓരോ ശാസ്ത്രകലാജാഥകൾ നടത്തുന്നതാണ്. അതോടനുബന്ധിച്ച് സംസ്ഥാനത്തുടനീളം അവതരിപ്പിക്കുന്ന സോദ്ദേശ കലാപരിപാടികളിൽ ഒരിനമാണ് യുദ്ധം എന്ന ഈ നാടകം.

YUDHAM

Narayanan Kolazhi
Published in September 1981
Published and distributed by
Kerala Sastra Sahitya Parishad
Quilon—691 013
Printed at: Jayamatha Training Institute Press,
Nalanchira, Trivandrum-695 015
All Rights Reserved
Cover: Chandranandan
Price: 0.50

KSSP 171/81 SKJ 9 FC/8 1/4000

Paper used for the printing of this book has been made available by Government of India at concessional rate.

നാടകാരംഭം

[കേളികൊട്ടുയരുന്നു. തുറസ്സായ വേദി. രംഗാധികാരി വരുന്നു. സദസ്സിനെ തൊഴുതു്]

രംഗാധികാരി: ഞങ്ങളുടെ നാടകം 'യുദ്ധം' ആരംഭിക്കുന്നു. ഇതു് വേണ്ടവിധമാക്കാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടില്ല. കുററങ്ങൾ ക്ഷമിക്കുമല്ലോ. കാണാൻ പോകുന്ന പൂരത്തെപ്പററി ഞാനെന്തു പറയാൻ. പറഞ്ഞാൽതന്നെ നിങ്ങളെന്തു കേൾക്കാൻ! അതാ അവർ വരുന്നു. നാട്യം കണ്ടു മനസ്സിലാക്കുവിൻ:—

[രംഗാധികാരി ഒരു സ്റ്റൂളും ഒരു കസേരയും രംഗത്തിട്ടു് മറയുന്നു.]

[തെരുവിൻെറ ഒരു ഭാഗത്തു നിന്നും ഏനർ (കാപ്സ്യൂൾ) കോഷ് (ടോണിക്ക്) ഫീസിൽ (ഇൻജക്ഷൻ) എന്നീ മരുന്നു കമ്പനികളുടെ ചരടു വലിയുടെ നിയന്ത്രണങ്ങളിൽ ഡോക്ടർ പാവയായി വരുന്നു. (മരുന്നുകൾ ഏറും മാസ്ക്കുകൾ ധരിച്ചിട്ടുണ്ട്. ഉല്പന്നങ്ങളുടെ അടയാളവും.) അവർ അവരവരുടെ പരസ്യവാചകങ്ങൾ ഉരുവിടുന്നു. ഡോക്ടറുടെ തല

യിൽ കൊമ്പുണ്ട്. വലിയ സ്റ്റെതസ്കോപ്പ് കഴുത്തിലും. ഭീകരതയുള്ള വേഷം. മൂവരും ആക്ടിംഗ് ഏരിയയിൽ പ്രവേശിച്ച് മരുന്നുകൾ ചരടുവലിക്കുന്നതനുസരിച്ച് ഡോക്ടർ മൂന്നു വശത്തേക്കും ചരിയുന്നു. ഡോ: മരുന്നുകളെ സാന്ത്വനപ്പെടുത്തുമ്പോൾ കമ്പനിക്കാർ ചരടയച്ച് മൂന്നുഭാഗത്തേക്കായി നീങ്ങി നില്ക്കുന്നു. ഡോക്ടറുടെയും കമ്പൗണ്ടറുടെയും ചലനങ്ങൾ 'പപ്പററ് മൂവ്മെൻറ്' തന്നെ. ഡോക്ടർ കസേരയിൽ ഇരിക്കുന്നു. കമ്പൗണ്ടർ എത്തുന്നു. (കമ്പൗണ്ടർക്ക് ചെറിയ കൊമ്പ്.) (സംഭാഷണം താളാത്മകമാണ്.)]

കമ്പൗണ്ടർ: ഗുഡ് മോണിംഗ് ഡോക്ടർ.

ഡോക്ടർ: ഗുഡ്മോണിംഗ്. വിശേഷാൽ ആരെങ്കിലും വന്നിരുന്നോ?

കമ്പൗ: ഒരു മെഡിക്കൽ റപ്രസൻേററീവ് വന്നിരുന്നു. ഒരു കവറും കുറെ സാമ്പിൾസും തന്നിട്ടാണ് പോയത്. (ഒരു വലിയ കവർ കൊടുക്കുന്നതായി നടിച്ച്.) ആയിരമുണ്ടെന്നാണ് പറഞ്ഞത്.

ഡോ: ആയിരമോ?

കമ്പൗ: ബാക്കികാര്യം സാറിനോടു നേരിട്ടു പറയാമെന്നാണ് പറഞ്ഞത്.

ഡോ: സാമ്പിൾസ് എവിടെ? (കമ്പൗണ്ടർ ഒരു ട്രേയിൽ സാമ്പിൾ കൊണ്ടുവന്നു കൊടുക്കുന്നതായി നടിക്കുന്നു. ഡോക്ടർ വാങ്ങി ഓരോന്നു ഇനം തിരിച്ചു വയ്ക്കുമ്പോൾ.)

കമ്പൗ: എല്ലാം പുതിയവയാണു സർ.

ഡോ: നമുക്കെന്തു പുതിയതു പഴയതു. പുറത്തുള്ളവരോടു ഓരോരുത്തരായി വരാൻ പറയൂ. (കമ്പൗണ്ടർ പോകുന്നു. രോഗി-1 പ്രവേശിക്കുന്നു. ഡോക്ടറുടെ മുഖത്തു പുച്ഛഭാവം)

ഡോ: [ഇരിക്കാൻ ആക്ഷൻ] (ഇരുന്നതിനു ശേഷം രോഗിയോടു) എന്താണു?

രോഗി: വല്ലാത്ത നെഞ്ചുവേദന. (ഡോക്ടർ പരിശോധിച്ചെന്നു വരുത്തി കുറിപ്പെഴുതി വിടുന്നു.)

(രോഗി–2 പ്രവേശിക്കുന്നു ഡോക്ടർ ഗൗരവത്തിൽ ഇരിക്കാൻ ആക്ഷൻ. പരിശോധിക്കാൻ തുടങ്ങുമ്പോൾ ഖാദർ എന്ന മധ്യവയസ്കൻ വരുന്നു. പുത്തൻപണക്കാരന്റെ കെട്ടും മട്ടും. കൈയിൽ ടേപ്പ്റിക്കാർഡർ–ഉറുക്കു കെട്ടിയിരിക്കുന്നു.)

ഖാദർ: അസ്സലാമു അലൈക്കും ഡാക്കിട്ടരേ.

[ഡോക്ടർ ഖാദറെ നോക്കി സന്തോഷിച്ചു ചിരിക്കുന്നു. രോഗി–2 ന്റെ മുഖത്തു ഗൗരവത്തിൽ നോക്കി പുറത്തുപോയി നിൽക്കാൻ ആംഗ്യം കാണിക്കുന്നു. അയാൾ സംശയിച്ചു നില്ക്കുമ്പോൾ.]

ഡോ: പുറത്തു പോയി നില്ക്കൂ. പിന്നെ വിളിക്കാം.

[രോഗി–2 പോകുന്നു. ഖാദർ കസേരയിലിരിക്കുന്നു.]

ഡോ: (പ്രസന്നതയോടെ) എന്താ വിശേഷം?

ഖാദർ: രണ്ടീസമായി ഞമ്മക്ക് തീരെ സുഖമില്ല.

(ഡോക്ടർ വിശദമായി പരിശോധിച്ചിട്ട്) എന്താ പേര്?

ഖാദർ: കാദിരു. ഞമ്മടെ മോൻ ഗൾപ്പിലാ. സലാമില്. മരുന്നൊന്നും കുറസ്സുണ്ടാ. ഓൻപ്രത്യേകം പറഞ്ഞിരിക്ക്ണു. കായ് ഞമ്മക്കൊരു പ്രശ്നമല്ല.

ഡോ: (ഖാദറുടെ അല്പത്തരം മനസ്സിലാക്കിയിട്ട്) ഇത് അൽപം ഗൗരവമുള്ള സുഖക്കേടാണ്. സൂക്ഷിക്കണം.

ഖാദർ: ങ്ങളു് എയ്‌തീക്കോളീന്നു്. ഞ്മ്മളു് ബാങ്ങാം. ഞമ്മടെ മോൻ ആറായിരം ഉറുപ്യ ഗൾഫ്ഫീന്നു് അയച്ചിക്ക്ണു്. ങ്ങളി പ്പോ പറയാണ്ട് ബെല്ലൂർക്കു് കൊണ്ടു പോണംന്നു്. ഒററക്കമ്പിമതി. ഓൻ അപ്പം ഗൾഫ്ഫീന്നു് പ്ലൈററു് കേറും.

ഡോ: ഒക്കെ സ്പെഷൽ ആവട്ടെ.

ഖാദർ: ഞമ്മടെ ശരീരത്തിന്' എൽത്ത് കുറ വാ. പെശല് തന്നെ വേണം. ബല്യ കുപ്പിതന്നെ കുറിച്ചോളി.

ഡോ: (കോഷിനെ ചൂണ്ടി) പുതിയ ടോണി ക്കാ. നിങ്ങളെപ്പോലുള്ളവർക്കു വേണ്ടി മാത്രം (കമ്പൗണ്ടരോട്) ഒരിൻജക്ഷൻ കൊടുക്കൂ.

[മരുന്നുകൾ തല കുലുക്കുന്നു. സന്തോഷത്തോടെ പരസ്പരം നോക്കുന്നു. കമ്പൗണ്ടർ ഒരു വലിയ സിറിഞ്ചെടുത്തു് 'ഫിസിലി'ൽനിന്നു് ഇൻജ ക്ഷൻ മരുന്നെടുത്തു് കുത്തിവയ്ക്കുന്നതായി നടി ക്കുന്നു]

ഡോ: ഒന്നും പേടിക്കേണ്ട. പെട്ടെന്നു് ഭേദ മാകും. (മരുന്നിനു് കുറിക്കാൻ തുടങ്ങു മ്പോൾ മരുന്നുകളുടെ ചരടുവലിയിൽ ഡോക്ടർ ചലിക്കപ്പെടുന്നു. മോചിത

നായി വലിയ ഒരു കടലാസെടുത്തു് മരു ന്നുകറം പലതു് എഴുതുന്നതായി നടി ക്കുന്നു).

ഖാദർ: പടച്ചോൻെറ സഹായം 'അമേരി ക്കൻ' കുത്തിയാൽ മാറാണ്ടിരിക്യോ?

ഡോ: എല്ലാം കുറിച്ചിട്ടുണ്ടു്. ഒക്കെ സ്പെ ഷൽ.

ഖാദർ: (രൂപ കൊടുക്കുന്നതായി നടിക്കുന്നു. ഡോക്ടർ വാങ്ങി പോക്കററിൽ വയ്ക്കുന്നു.)

ഖാദർ: തല്ക്കാലം ഇതിരിക്കട്ടെ. രണ്ടാഴ്ച്ചകഴി ഞ്ഞു് ഞമ്മൻെറ സൂക്കേടു് കുറഞ്ഞിട്ടു് ങ്ങക്കു് ഒരു പാട്ടുപെട്ടീം നാലു ഗസററും കൊണ്ടത്തരാം. (നടന്നിട്ടു്) കോച്ചു് ങ്ങളു് കഴിക്കില്ലേ? (ഡോക്ടർ ആഗ്രഹ ത്തോടെ ചിരിച്ചു് തലയാട്ടുന്നു.) ഞമ്മളു് കൊണ്ടരാം. ഓന്നു് നാളത്തന്നെ എത്താം. ന്നാ ഞമ്മളെറങ്ങട്ടെ. (പോകുന്നു.)

[രോഗി–2 വീണ്ടും വരുന്നു. ഡോക്ടർ പരി ശോധിക്കാൻ തുടങ്ങുമ്പോറം ഖാദർ വീണ്ടും വരുന്നു.]

ഖാദർ: ഞമ്മൻെറ പോറം മറന്നു ഡാക്കിട്ടരേ.

[ഡോക്ടർ 'ഫോറം' കൊടുത്തു് മരുന്നുകറം കഴി ക്കുന്നതിനെപ്പററി വിശദമായിപ്പറഞ്ഞുകൊടു

ക്കുന്നു. ഖാദർ വാങ്ങിപ്പോകുന്നു.] [ഡോക്ടർ ഗൗരവത്തിൽ രോഗി 2 നോട്.]

ഡോ: എന്താ?

രോഗി–2: വയററിലൊരു വേദന.

ഡോ: [ദയയില്ലാതെ പരിശോധിക്കുന്നു. മരുന്നു കുറിക്കാൻ തുടങ്ങുന്നു.]

രോഗി–2: വയററ്‌വേദന വളരെ കൂടുതലാ. കാശ്.... (പെട്ടെന്ന് ഡോക്ടർ ചിരിക്കു ന്നു.) ഇല്ലാത്തതുകൊണ്ടാണിത്രയും നീട്ടി യതു്. [ഡോക്ടറുടെ ചിരിമാറി ദേഷ്യ ത്തോടെ ഒരു വലിയ ലിസ്റ്റെടുത്തു് മരുന്നു കുറിക്കുന്നു. മരുന്നുകൾ പരസ്പരം നോ ക്കുന്നു. ചരടു വലിക്കുന്നു. ഡോക്ടർ മരുന്നുകളെ അനുനയിപ്പിക്കുന്നു. ചരട് അവർ അയയ്ക്കുന്നു.]

ഡോ: കമ്പൗണ്ടർ, ഒരു ഇൻജക്ഷൻ കൊ ടുക്കൂ.

[കമ്പൗണ്ടർ പഴയതുപോലെ ഫിസിലിൽ നി ന്ന് ഇൻജക്ഷൻ മരുന്നെടുത്തു് രോഗി–2 നെ കുത്തുന്നു. രോഗി എഴുന്നേററ് പോകാൻ തുട ങ്ങുമ്പോൾ കുറിപ്പു കൊടുക്കുന്നു. രോഗി–2 പൈസ കൊടുക്കുന്നു–നടക്കുന്നു. ഡോ: എണ്ണി നോക്കി തിരിച്ചുവിളിച്ച് കാശ് വീണ്ടും നൽ

കാൻ ആക്ഷൻ. രോഗി 2 മടിയിൽനിന്ന് ഉള്ള കാശെടുത്തു കൊടുത്തിട്ട്]

രോഗി—2: വണ്ടിക്കൂലിക്കുള്ള കാശാരുന്നേ.

[ഡോ: ഗൗരവത്തിൽ പൊയ്ക്കൊള്ളാൻ ആംഗ്യം. രോഗി—2 പോകുന്നു] [ഒരു ശിപായി വരുന്നു]

ശിപായി: സാറിന് ഒരു ടെലഗ്രാം ഉണ്ട്.

[ഡോക്ടർ ഒപ്പിട്ടു വാങ്ങുന്നു. ശിപായി പോകുന്നു. ഡോക്ടർപൊട്ടിച്ചു വായിക്കുന്നു. മുഖത്ത് സന്തോഷം.]

കമ്പൗ: എന്താ സാറേ കോളു വല്ലതും ഉണ്ടോ?

ഡോ: ക്ലിനിക്കൽ ഫാർമക്കോളജിയിൽ പ്രഫസർ സ്ഥാനത്തേക്ക് ഒരു ഡപ്യൂട്ടേഷൻ. ഇനി എന്തൊക്കെ മരുന്നുകളാണ്. ഇവിടേക്ക് അയയ്ക്കേണ്ടതെന്ന് തീരുമാനിക്കേണ്ടത് ഞാൻ.

[മരുന്നു കമ്പനിക്കാർ തുള്ളിച്ചാടുന്നു.]

കമ്പൗ: എല്ലാം കമ്പനിക്കാരുടെ കഴിവാ.

[മരുന്നുകൾ തുള്ളിച്ചാടി താളത്തിൽ ഡോക്ടർക്ക് ചുററും നൃത്തം വയ്ക്കുന്നു. സമ്മാനങ്ങൾ ഡോക്ടർക്ക് കൊടുക്കുന്നതായി നടിക്കുന്നു. കുറച്ച് കമ്പൗണ്ടറും എടുത്തുകൊള്ളാൻ ഡോക്ടർ ആക്ഷൻ. മരുന്നുകൾ സമ്മാനം കൊടുത്ത് പഴയ സ്ഥലത്തു് പോയി നിന്ന് ചരടുകൾ വേണ്ട

വിധം ഉറപ്പില്ലേ എന്ന പരിശോധിച്ച തല യാട്ടി നില്ക്കുന്നു.

ഡോ ഇന്നു് എന്റെ വക ചെലവ്. താജിൽ തന്നെയാവട്ടെ.

[കമ്പൗണ്ടർക്കു് വളരെ സന്തോഷം]

കമ്പൗ: യേസ് സർ. (മരുന്നുകളും മററും ഒതുക്കിവക്കുന്നു.)

ഡോ: (ഫോൺ ചെയ്യുന്നു.) ഹലോ...... യേസ്...ഇന്നു് ഒരു കോള്...എനിക്കു തന്നെ...ങേ...ഓഹോ...ഇന്നെന്റെ വക സൽക്കാരം... അതേ താജിൽതന്നെ... അതു പിന്നെപ്പറയാം...ഓ നിർബന്ധമാണോ...ക്ലിനിക്കൽ ഫാർമക്കോളജിയിൽ പ്രഫസർ സ്ഥാനത്തേക്കു് ഒരു ഡപ്യൂട്ടേഷൻ...യേസ്.

[ഫോൺ വയ്ക്കുന്നു. കമ്പൗണ്ടറും ഡോക്ടറുംകൂടി പുറത്തേക്കു പോകാൻ തുടങ്ങുന്നു. മരുന്നുകളം ചരടു് മുറുക്കി വലിക്കുന്നു. ഡോ: എല്ലാവരേയും അനുനയിപ്പിക്കുമ്പോൾ ചരടു് അയ യ്ക്കുന്നു. കമ്പൗണ്ടർ മുമ്പിൽ നടക്കുന്നു. ഡോക്ടർ മരുന്നുകളുടെ അകമ്പടിയോടെ നടന്നുമറയുന്നു.]

[രംഗാധികാരി വരുന്നു. കർസേർകൾ മാററുന്നു. പോകുന്നു. മരുന്നുകൾ വീണ്ടും വരുന്നു. പരസ്പരം കശ്ശുകശ്ശുത്തു കൊണ്ടാണ് വരുന്നത്. "എന്റെ കഴിവ്...എന്റെ കഴിവ്" എന്നോരോരുത്തരും വാദിക്കുന്നു. അത്തുമൂത്ത് വഴക്കോളമെത്തുമ്പോൾ ഏനർ നാടകീയമായി ചലിച്ച് മുമ്പിലെത്തി താളത്തിൽ]

ഏനർ: ഞാൻ ഏനർ. പാവപ്പെട്ടവർക്ക വേണ്ടി ഫ്രഞ്ചു കമ്പനിയാൽ നിർമ്മിതമായത്, ജനങ്ങളുടെ ആരോഗ്യത്തെ നിലനിത്താൻ എന്നെപ്പോലെ ആരുണ്ട്?

ഫിസിൽ: ഞാനുണ്ട്; രോഗികളുടെ ആശാകേന്ദ്രം; ഒരിൻജക്ഷൻകൊണ്ടു് ജീവൻ വീണ്ടെടുക്കാൻ കഴിവുള്ള ഞാൻ. സാമ്രാജ്യത്വശക്തികളുടെ കേന്ദ്രമായ അമേരിക്കയാണെന്റെ ശക്തി. ആധുനിക വൈദ്യശാസ്ത്രരംഗത്ത് അഭൂതപൂർവമായ പുരോഗതി പ്രാപിച്ച ഒരു രാജ്യത്തിന്റെ ഉല്പന്നമാണ് ഞാൻ. എന്നെത്തടയാൻ ആർ?

കോഷ്: ഞാൻ. പണ്ഡിതപാമര കുചേലകുബേര ഭേദമില്ലാതെ ജനം എന്നെ സ്വീകരിക്കുന്നു. ശാസ്ത്രജ്ഞന്മാരിൽ ശാസ്ത്രജ്ഞനായ ഐൻസ്റ്റയിനു് ജന്മം നൽകിയ

ബുദ്ധിരാക്ഷസന്മാരുടെ രാജ്യമായ ജർമ്മനിയാണ്. എൻെറ നിർമ്മാതാവ്. ലോകജനതയുടെ ആരോഗ്യം എൻെറ കൈയിലാണ് ഞാൻ ... കോഷ് ... മധുരം തിരുമധുരം. എന്നെ ജയിക്കാനാരുണ്ട്.

ഫിസിൽ: നിർത്തടോ തൻെറ ലാത്തി. നിങ്ങാം വെറും ശക്കരവെള്ളമല്ലേ? ടോണിക്കാണുപോലും. നിന്നു വാചകമടിക്കുന്നു.

കോഷ്: നിങ്ങളുടെ മാഹാത്മ്യമൊന്നും പറയേണ്ട. കോടിക്കണക്കിന് ജനങ്ങളെ തെററിദ്ധരിപ്പിക്കുന്നവനായ നിങ്ങാംക്കാണോ എന്നെ കുററം പറയാൻ അർഹത?

ഏനർ: എനിക്കു പറയാം. (മററു രണ്ടുപേരും കൂടുന്നു.)

കോഷ്ഫിസിൽ: വിററാമിനാണുപോലും. പകുതിയിലേറെ, വിററാമിൻ മൂത്രത്തിലൂടെ പോവുകയല്ലേ? പണം മിച്ചവും ഗുണം മൂത്രവും.

ഏനർ: ഛേ! വഴക്കിടേണ്ട സമയമല്ലിത്. ചാക്കിടേണ്ട സമയമാണ്.

മൂവരും: അവരവർക്ക് അവരവരുടെ ശക്തി.

[പുറമേ നോക്കി ആരോ വരുന്നു. നമുക്കൊന്നു നീങ്ങാം. മൂവരും കൈകൊട്ടുത്തു്, പഴയസ്ഥാനത്തു് പോയി നിൽക്കുന്നു.]

[കമ്പൗണ്ടർ വരുന്നു. ജോലി തുടങ്ങുമ്പോൾ ഖാദർ പ്രവേശിക്കുന്നു.]

കമ്പൗ: എന്താ വിശേഷിച്ച്?

ഖാദർ: ഡാക്കിട്ടരില്ലേ?

കമ്പൗ: എന്താ വേണ്ടതു്. ഞാനുണ്ടല്ലോ!

ഖാദർ: എഴുതിയ മരുന്നെല്ലാം തീന്നു. ഞമ്മളെ ഒന്നു നോക്കിൻ.

കമ്പൗ: (ഗമയിൽ ലിസ്റ്റു വാങ്ങി നോക്കിയിട്ട്) ഇതെല്ലാം ഒരു മാസം കുടിക്കു.

[മരുന്നുകൾ സന്തോഷിച്ച് തലയാട്ടുന്നു.]

കമ്പൗ: ഇപ്പോൾ ഒരു സ്പെഷൽ ഇൻജക്ഷൻ തരാം.

[കമ്പൗണ്ടർ പഴയതുപോലെ ഇൻജക്ഷൻ മരുന്നു് ഫിസിലിൽനിന്നും കുത്തിയെടുത്തു് ഖാദറിനെ കുത്തിവയ്ക്കുന്നു. എന്നിട്ട് വലിയ ഒരു ഗ്ലാസെടുത്തു് കോഷിൽനിന്നും ടോണിക്കു് ഒഴിച്ച് സാഹിബ്ബിനു് കൊടുക്കുന്നു.]

ഖാദർ: ആങ്ങ്. ടോണിക്ക്. ഒഴിച്ചോളിൻ ഒഴിച്ചോളിൻ.

[കമ്പൗണ്ടർ ഒരു വലിയ ട്രേയിൽ കാപ്സ്യൂം പെറുക്കിയിട്ട് ഖാദറിന്റെ നേരെ വരുമ്പോൾ]

ഖാദർ: ഗുളിക. ഇട്ടോളിൻ. ഇട്ടോളിൻ. [വായ് തുറന്നുകൊടുക്കുന്നു. കമ്പൗണ്ടർ ഓരോന്നു പെറുക്കിപ്പെറുക്കി ഇടുന്നതായി ആക്ഷൻ.]

ഖാദർ: ആ മതിരമുള്ള വെള്ളം ഇത്തിരിക്കൂടി തരീൻ.

[കമ്പൗണ്ടർ വീണ്ടും കോഷ്ടിൽനിന്നും ടോണിക്ക് എടുത്തു് കൊടുക്കുന്നതായി നടിക്കുന്നു. ഖാദർ തൃപ്തിയോടെ കമ്പൗണ്ടർക്ക് പൈസ കൊടുക്കുന്നു. കമ്പൗണ്ടർ വാങ്ങി പുറത്തേക്കു പോകുന്നു. ഖാദർ ലിസ്റ്റെടുത്തു നിവർത്തി നോക്കുന്നു. മരുന്നുകൾ ചിരിക്കുന്നു. ചിരി ഉയരുന്നു...അട്ടഹാസമായി മാറുന്നു. താളാത്മകമായി ഖാദറിനുചുറ്റും നൃത്തം ചെയ്യുന്നു. ഖാദർ അമ്പരന്നുനിൽക്കുന്നു. നൃത്തം മുറുകുന്നു. ഖാദർ വട്ടംകറങ്ങി മയങ്ങി വീഴുന്നു.

മരുന്നുകൾ നൃത്തം നിർത്തി അമ്പരന്നു് ഖാദറിനെ നോക്കി നിൽക്കുന്നു. പരസ്പരം

മുഖത്തേക്കു നോക്കുന്നു. മൂവരും പതുക്കെ പരിശോധിച്ചു നോക്കുന്നു. മരിച്ചുപോയി എന്നു് ആക്ഷൻ, മൂവരിൽ ഒരാൾ ഓടാൻ ശ്രമിക്കുന്നു. മററു രണ്ടുപേരും പിടിക്കുന്നു. ഓടിയവൻ 'ഞാനല്ല ഉത്തരവാദി' എന്നു് ആക്ഷൻ. ഈ സമയം മററൊരുവൻ ഓടുന്നു. അവനെയും പിടിക്കുന്നു. ഞാനല്ല എന്നു് അവനും ആക്ഷൻ. മൂവരും ചിന്തിച്ചു നിൽക്കുന്നു.

ഒരാൾ ശവം കൊണ്ടു കളയാം എന്നു് ആക്ഷൻ. മററവർ സമ്മതിക്കുന്നു. ചുററും നോക്കുന്നു. പൊക്കിയെടുക്കാൻ തുടങ്ങുന്നു. പെട്ടെന്നു് ഒരാൾ തടഞ്ഞു്, മാസ്ക്കുകൾ ഊരിവയ്ക്കാൻ ആക്ഷൻ. മൂവരും മാസ്ക് ഊരിവയ്ക്കുന്നു. ചുററും നോക്കി ശവം എടുത്തുകൊണ്ടുപോകുന്നു. മടങ്ങിവന്നു് ചുററും നോക്കി മാസ്ക് തിരിച്ചു് തലയിൽ വയ്ക്കുന്നു. ഒന്നും സംഭവിക്കാത്തപോലെ മൂവരും പരസ്പരം കൈകൊടുത്തു് മൂവരുടെയും സ്ഥാനത്തു നിന്നു് പരസ്യങ്ങൾ ഉറക്കെ വിളിച്ചുപറയുന്നു. നടന്നു് ജനങ്ങളുടെ ഇടയിലേക്കു് മറയുന്നു.]

[രംഗാധികാരി വരുന്നു.]

രംഗാധികാരി: ആരോഗ്യരംഗത്തെ രൂക്ഷമായ ഒരു പ്രശ്നം നിങ്ങൾ കണ്ടില്ലേ? പരസ്യത്തിന്റെ മാന്ത്രിക വലയത്തിൽ പെടുന്ന

ജനം. സമ്മാനങ്ങൾക്കുവേണ്ടി ആവശ്യമില്ലാത്ത മരുന്നുകൾ കുറിച്ചുകൊടുക്കുന്ന ഡോക്ടർമാർ മരുന്നുകമ്പനികൾ നടത്തുന്ന ഈ യുദ്ധത്തിൽ തോൽക്കുന്നതെപ്പോഴും ജനങ്ങളാണ്. ഇതിനൊരു മാററം വരുത്തേണ്ടിയിരിക്കുന്നു. ഇതിനെതിരെ ജനങ്ങൾ ഉണരേണ്ടിയിരിക്കുന്നു.

[സദസ്സിനെ വന്ദിച്ച് പോകുന്നു.]